

# JYOTHIS

A PUBLICATION BY K.C.Y.M
ST MARY,S CHURCH
PONGUMMOODU.

FOR PRIVATE CIRCULATION ONLY.

WWW.STMARYSPONGUMMOODU.COM May-Jun 2011 VOLUME:2 / NUMBER :5


## ഇടയൻെറ കത്ത്........




*"ജ്ഞാനി കരുത്തനേക്കാൾ ബലവാനത്രേ; അറിവുള്ളവൻ ശക്തനെക്കാളും. വിവേവികായ മാർഗദർശിയുണ്ടെങ്കിലേ അങ്കത്തിനു പുറപ്പെടാവൂ. ശൈശവത്തിലേ നടക്കേണ്ട വഴി പരിശീലിപ്പിക്കുക"* – സുഭാഷിതങ്ങൾ.

പ്രിയപ്പെട്ടവരെ,

വിദ്യാലയങ്ങൾ വീണ്ടും തുറക്കുന്നു. ഭാഷയുടെയും, ശാസ്ത്രത്തിൻെറയും, ഗണിതത്തിൻെറയും, കലകളുടേയും പുതിയ അകത്തളങ്ങളിലേക്ക് വിദ്യാർത്ഥികൾ വീണ്ടും പ്രവേശിക്കുന്നു. വലിയ സ്വപ്നങ്ങളും പ്രതീക്ഷകളും... വലിയവരാകണം; ഉയരത്തിൽ എത്തണം. എന്നാൽ സ്കൂൾ, കോളേജ് വിദ്യാഭ്യാസം നമ്മുടെ കുട്ടികളുടെ വ്യക്തിത്വത്തെ രൂപീകരിക്കുന്നതിലും മെച്ചപ്പെടുത്തുന്നതിലും വളർത്തുന്നതിലും എത്രത്തോളം ഗുണം ചെയ്യുന്നുണ്ട് എന്ന ചോദ്യത്തിന് ഓരോ വർഷവും കഴിയുന്തോറും പ്രസക്തിയേറിവരുന്നു. പലയിടങ്ങളിലും സ്ഥിതി വളരെ മോശമാണ്. അതുകൊണ്ടുതന്നെ മാതാപിതാക്കളും വിദ്യാഭ്യാസ സമിതികളും അക്കാദമിക വിദ്യാ സമ്പാദനത്തോടൊപ്പം കുട്ടികളുടെ വ്യക്തിത്വ വികാസ പദ്ധതികളിലും പരിപാടികളിലും തികഞ്ഞ ശ്രദ്ധയും പങ്കാളിത്തവും നടത്തേണ്ടിയിരിക്കുന്നു.

'Hit the books before you hit the bricks'-ചുമരുകളിൽ പ്രഹരിക്കുന്നതിനു മുമ്പ് പുസ്തകങ്ങളിൽ പ്രഹരിക്കുക-എന്നൊരു ചൊല്ലുണ്ട്. വിജയത്തിലേക്കുള്ള വഴി തുറക്കുന്നതിൽ വിദ്യാർത്ഥിയുടെ പഠനരീതികൾക്ക് വലിയ പ്രാധാന്യമുണ്ട്. ചിലർക്ക് പഠനം ഒരു മന്ദമാരുതൻെറ തഴുകൽ പോലെയെങ്കിൽ മറ്റു ചിലർക്ക് അത് കൊടുങ്കാറ്റിൻെറ ഇരച്ചുകയറ്റമാണ്. വേറെ ചിലർക്ക് ഇതു രണ്ടിൻേറയും മധ്യത്തിലും. ചരിത്രത്തിൽ മുമ്പേ നടന്നവർ നിരന്തരമായ അദ്ധ്വാനപൂർണ്ണ പരിശ്രമങ്ങളിലൂടെ കണ്ടെത്തിയ അറിവുകളും ജ്ഞാനവും സത്യവും സൂക്ഷിച്ചിരിക്കുന്ന പാഠ പുസ്തകങ്ങളിലേക്കും ഇതര ഗ്രന്ഥങ്ങളിലേക്കും അദ്ധ്യാപക, സഹപാഠി മനസ്സുകളിലേക്കും നമ്മുടെ കുട്ടികളുടെ മനസ്സുകൾ സ്പർശിക്കുന്ന, പ്രഹരിക്കുന്ന സജീവമായ ഒരു അദ്ധ്യായന വർഷം ഓരോ വിദ്യാർത്ഥിക്കും സംജാതമാകട്ടെ. അതിലൂടെ വിജ്ഞാനത്തിൻെറ വിശാലവും നവീനവുമായ തലങ്ങളിലേക്കും ഭാവിയുടെ നന്മകളിലേക്കും ഉയരുവാൻ നമ്മുടെ മക്കൾ പ്രാപ്തരാകട്ടെ.

സ്നേഹപൂർവ്വം,
**ഫാ. വിൽഫ്രഡ് ഇ.**

---

EDITORIAL

## രാജ്യത്തിൻെറ മുത്തുകൾ



പിന്നെയും ഒരു വേനൽകാലം പിന്നിടുമ്പോൾ, പുതിയ വർഷത്തിൻെറ അക്ഷരമാലകൾ കോർക്കുവാൻ കുരുന്നു മക്കൾ ഒരുങ്ങിക്കഴിഞ്ഞു. ഇനി പഠനത്തിലേക്ക്. ഓരോദിവസവും പുതിയ അറിവുകളുമായി നാളത്തെ പൗരന്മാർ പടി കയറുമ്പോൾ നാം വഴി തെളിക്കണം, അവർ ഈ രാജ്യത്തിൻെറ മുത്തുകൾ ആകുവാൻ.

ഓരോ രാജ്യത്തിൻെറയും വളർച്ച വളർന്നു വരുന്ന മക്കളിലാണ്. അവർ പഠിക്കുന്ന പാഠങ്ങൾ, സമൂഹത്തിൽ നിന്നും കിട്ടുന്ന അറിവുകൾ, മാതാപിതാക്കളിൽ നിന്നും കിട്ടുന്ന നന്മകൾ എല്ലാം അവരുടെ വളർച്ചയിൽ പങ്കുചേരുന്നു. വിദ്യയിൽ നിന്നും കിട്ടുന്ന പാഠങ്ങൾ ഈ സമൂഹത്തിൽ എങ്ങനെ ജീവിക്കണമെന്നും, രാജ്യത്തിൻെറ വളർച്ചയിൽ എങ്ങനെ പങ്കുചേരാമെന്നും അവരെ പഠിപ്പിക്കുന്നു. "വിദ്യയാൽ നമുക്ക് സർവ്വതും നേടാം" എന്ന ബോധ്യത്തിലേക്കും, വിദ്യയുടെ നന്മയിലേക്കും സമ്പത്തിലേക്കും അവരെ നയിക്കേണ്ടത് മാതാപിതാക്കളും സമൂഹവുമാണ്.

ഈ പുതിയ വർഷത്തിൽ ഓരോ വിദ്യാർത്ഥിയും സ്കൂളിലേക്ക് പോകുമ്പോൾ നമുക്ക് പ്രാർത്ഥിക്കാം, ഇവർ നാളെയുടെ വാഗ്ദാനങ്ങളായി മാറുവാൻ. ഇവരാണ് നാളത്തെ മുത്തുകൾ. ഈ രാജ്യത്തിൻെറ മണിമുത്തുകൾ.
നന്മയുടെയും, സ്നേഹത്തിൻെറയും, ശക്തിയുടെയും ഒരു പുതിയ തലമുറ ഇവിടെ ഉണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ . . .

***സേവ്യർ പുത്തൻവീട്ടിൽ***

# വിശുദ്ധവാരം സമുചിതമായി ആചരിച്ചു

**ലൂയിസ് ഫെർണാൻഡസ്**
**പാരിഷ് കൗൺസിൽ സെക്രട്ടറി**

സെൻറ് മേരീസ് ദേവാലയത്തിലെ വിശുദ്ധവാരാചരണം ഏപ്രിൽ 14-ാം തീയതി ആരംഭിച്ച് 24-ാം തീയതി സമാപിച്ചു. ഏപ്രിൽ 17-ാം തീയതി ആഘോഷമായ കുരുത്തോല പ്രദക്ഷിണം രാവിലെ 7 മണിയ്ക്ക് മേരി നിലയം കോൺവെൻറ് ചാപ്പലിൽ നിന്ന് ആരംഭിച്ച് ദേവാലയത്തിൽ സമാപിച്ചു. പ്രദക്ഷിണത്തിന് ഇടവക വികാരി മോൺ. വിൽഫ്രഡ്. ഇ നേതൃത്വം നൽകി. തുടർന്ന് ആഘോഷമായ ദിവ്യബലി നടന്നു. 18-ാം തീയതി തിങ്കളാഴ്ച്ച വൈകുന്നേരം ജീവിത നവീകരണ ധ്യാനവും ദിവ്യബലിയും ഉണ്ടായിരുന്നു. 19, 20 തീയതികളിൽ വൈകുന്നേരം ദിവ്യബലിയും കുമ്പസാരവും ഉണ്ടായിരുന്നു. 21-ാം തീയതി പെസഹാ വ്യാഴാഴ്ച്ച വൈകുന്നേരം 5:30 മണിയ്ക്ക് തിരുക്കർമ്മങ്ങൾ ആരംഭിച്ചു. ദിവ്യകാരുണ്യ സ്ഥാപനത്തിൻെറയും പൗരോഹിത്യ സ്ഥാപനത്തിൻെറയും ഓർമ്മ പുതുക്കൽ, പാദം കഴുകൽ ശുശ്രൂഷ എന്നിവയായിരുന്നു പ്രധാന കർമ്മങ്ങൾ. തുടർന്ന് യൂണിറ്റ് അടിസ്ഥാനത്തിൽ അപ്പം മുറിക്കൽ ഉണ്ടായിരുന്നു. രാത്രി 8 മണി മുതൽ 10 മണി വരെയും 22-ാം തീയതി രാവിലെ 9 മണി മുതൽ 3 മണി



വരെയും വിവിധ യൂണിറ്റുകളുടെയും ഇടവകയിലെ മറ്റ് സമിതികളുടെയും ആഭിമുഖ്യത്തിൽ ദിവ്യകാരുണ്യ ആരാധന നടന്നു. 22-ാം തീയതി ദു:ഖ വെള്ളിയാഴ്ച്ച രാവിലെ 7:15-ന് പോങ്ങുംമൂട്ടിലുള്ള വിവിധ കത്തോലിക്കാ വിഭാഗങ്ങളുടെ നേതൃത്വത്തിലുള്ള സംയുക്ത പരിഹാര കുരിശിൻെറ വഴി നടന്നു. പോങ്ങുംമൂട് സെൻറ് മേരീസ് ദേവാലയത്തിൽ നിന്നും ആരംഭിച്ച കുരിശിൻെറ വഴി പോങ്ങുംമൂട് ജംഗ്ഷൻ, വിശുദ്ധ അൽഫോൻസ ദേവാലയം, ഡി.എം. കോൺവെൻറ് വഴി പ്രശാന്ത് നഗറിലുള്ള സെൻറ് ആൻറണീസ് ദേവാലയത്തിൽ സമാപിച്ചു. കുരിശിൻെറ വഴിയ്ക്ക് വിശ്വാസികളുടെ നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. ദു:ഖവെള്ളിയാഴ്ച്ചത്തെ തിരുക്കർമ്മങ്ങൾക്ക് തിരുവനന്തപുരം അതിരൂപതാ വികാരി ജനറൽ മോൺ. യൂജിൻ പെരേര നേതൃത്വം നൽകി. ഈസ്റ്റർ തിരുക്കർമ്മങ്ങൾ വലിയ ശനിയാഴ്ച്ച രാത്രി 11 മണിയ്ക്ക് ആരംഭിച്ചു. പുത്തൻ തീ ആശീർവദിക്കൽ, രക്ഷാകര ചരിത്ര പാരായണം, ജ്ഞാനസ്നാന നവീകരണം, ദിവബലി, ഉയിർപ്പ് രൂപത്തിൻെറ പ്രദക്ഷിണം എന്നിവയായിരുന്നു പ്രധാന കർമ്മങ്ങൾ. ഉയിർപ്പ് ഞായറാഴ്ച്ച രാവിലെ 7:30 മണിയ്ക്കുള്ള ദിവ്യബലിയോടുകൂടി വിശുദ്ധവാരാചരണം സമാപിച്ചു.

## വെക്കേഷൻ ബൈബിൾ ക്ലാസ് - 2011

മതബോധനവേദിയുടെ ആഭിമുഖ്യത്തിൽ 2011-ലെ വെക്കേഷൻ ബൈബിൾ ക്ലാസ് ഏപ്രിൽ 25, 26, 27 തിയതികളിൽ മേരിനിലയം സ്കൂളിൽ വച്ചു നടത്തി. ക്ലാസുകൾ ബഹു. മോൺ. വിൽഫ്രഡ് അച്ചൻ ഉദ്ഘാടനം ചെയ്യു.



മേജർ സെമിനാരിയിലെ ബ്രദർ സനീഷ്, ബ്രദർ സ്റ്റാലിൻ, ബ്രദർ അജിത് എന്നിവർ ക്ലാസുകളെടുത്തു. 75 വിദ്യാർത്ഥികൾ പങ്കെടുത്തു. പാട്ടുകളിലൂടെയും, കളികളിലൂടെയും നടത്തിയ പഠന ക്ലാസ് കുട്ടികൾക്ക് വളരെ അറിവു പകർന്നു നൽകുന്നതായിരുന്നു. മൂന്നു ഗ്രൂപ്പായി തിരിച്ചാണ് ക്ലാസുകളെടുത്തത്. മൂന്നു ഗ്രൂപ്പിൻെറയും പത്രവും പ്രസിദ്ധീകരിച്ചു. വെക്കേഷൻ ബൈബിൾ ക്ലാസിനോടനുബന്ധിച്ചുള്ള വിനോദയാത്ര മേയ് മാസം മൂന്നാം തിയതി നടത്തി. പത്മനാഭപുരം കൊട്ടാരം, മുട്ടിടിച്ചാൻ പാറ, വട്ടക്കോട്ട, കോട്ടാർ പള്ളി, കന്യാകുമാരി



എന്നിവിടങ്ങൾ സന്ദർശിച്ചു. ബഹു. മോൺ. വിൽഫ്രഡ് അച്ചനും, അദ്ധ്യാപകരും, 45 വിദ്യാർത്ഥികളും പങ്കെടുത്തു.

## മതബോധന വാർഷികം

2010 - 2011 അദ്ധ്യയന വർഷത്തിലെ മതബോധന വാർഷികം 01-05-2011 ഞായറാഴ്ച സമുചിതമായി ആഘോഷിച്ചു. വൈകുന്നേരം 4.30 മണിക്ക് ആരംഭിച്ച ആഘോഷമായ ദിവ്യബലിക്ക് ഇടവക വികാരി ബഹു. മോൺ. വിൽഫ്രഡ് അച്ചൻ കാർമികത്വം നൽകി. അധ്യാപകരും വിദ്യാർത്ഥികളും ആരാധനക്ക് നേതൃത്വം നൽകി.

6 മണിക്ക് നടന്ന പൊതു സമ്മേളനത്തിൽ ബഹുമാനപ്പെട്ട ഇടവക വികാരി മോൺ. വിൽഫ്രഡ് അച്ചൻ അദ്ധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ ശ്രീ. സനൽ കുമാർ സ്വാഗതം ആശംസിച്ചു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. അതിരൂപതാ പാസ്റ്ററൽ മിനിസ്ട്രി ഡയറക്ടർ റവ. ഡോ. ലോറൻസ് കുലാസ് സമ്മേളനം ഉദ്ഘാടനം ചെയ്യു.



മദർ ആനി ഡേവിഡ്, ശ്രീ. സ്വാമിനാഥൻ എന്നിവർ ആശംസാ പ്രസംഗം നടത്തി. ബഹു. രൂപതാ ഡയറക്ടർ അർഹരായ കുട്ടികൾക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു. ഇടവക ധനകാര്യ സമിതി സെക്രട്ടറി ശ്രീ. എം.എ. ഫ്രാൻസിസ് കൃതജ്ഞത രേഖപ്പെടുത്തി. സമ്മേളനത്തിനു ശേഷം കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു.

# അലസത എന്ന ചതിക്കുഴി

ലഘു ലേഖനം

**ബ്ലസി മോഹൻ**

ചെറുപ്പം മുതലേ ഉപദേശങ്ങൾ സ്വീകരിക്കുക. എങ്കിൽ വയോവൃദ്ധനാകുമ്പോഴും നാം വിജ്ഞാനം കണ്ടെത്തും (പ്രഭാ. 6:18).

അന്നന്നു ചെയ്യേണ്ട സാധാരണ ജോലികൾ ആർക്കും ഒരു കുറ്റവും ആരോപിക്കാൻ കഴിയാത്തവിധം പ്രാർത്ഥനയോടും, ശ്രദ്ധയോടും, ഉത്സാഹത്തോടും, വിശ്വസ്തതയോടും ചെയ്യുന്നവരാണ് വിശുദ്ധർ. കഷ്ടങ്ങളും. ക്ലേശങ്ങളും സഹിച്ച് വിശുദ്ധകുർബാനയിലൂടെയും, പ്രാർത്ഥനയിലൂടെയും അവരുടെ മനസ്സ് ഒന്നിനൊന്ന് ദൃഢമായിക്കൊണ്ടിരുന്നു. ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾതന്നെ (1 കൊറി. 3:17). നമ്മുടെ ശരീരം ദൈവത്തിന്റെ ആലയമാണെന്ന് നാം മനസ്സിലാക്കണം. അതുവഴി നാം അത് വിശുദ്ധമായി സൂക്ഷിക്കയും വേണം.

രാവിലെ വിശുദ്ധ കുർബാനയിൽ പങ്കെടുക്കയും വ്യക്തിപരമായി പ്രാർത്ഥിക്കയും ദൈവവചനം വായിക്കയും അവയെക്കുറിച്ച് ധ്യാനിച്ച് നമ്മുടെ ജീവിതവുമായി സ്വയം വിചിന്തനം ചെയ്യുകയും ചെയ്യുന്നതിലൂടെ അലസത എന്ന ചതിക്കുഴിയിൽ വീഴാതെ നമുക്കു രക്ഷപ്രാപിക്കാം.

സുകൃതങ്ങൾ അനുഷ്ഠിച്ച് പരിശീലിച്ചവർക്കേ ഭാവിയിൽ നല്ല വ്യക്തികളാവാൻ സാധിക്കൂ. അടുക്കും ചിട്ടയും ഉള്ള ജീവിതം നാം സ്വയം പരിശീലിപ്പിച്ചെടുക്കണം. ഒരു വ്യക്തിയുടെ ആത്മ നിഷ്കളങ്കത നശിപ്പിക്കാൻ ദുഷ്ടരായ കൂട്ടുകാർക്ക് എളുപ്പം സാധിക്കും. അശ്ലീല സംഭാഷണങ്ങൾ വഴി ജിഞ്ജാസയെ ഉണർത്തുകയും അശുദ്ധ കൃത്യങ്ങളിലേക്ക് പ്രേരണകൾ വഴി ജഢികവികാരങ്ങളെ ഉത്തേജിപ്പിക്കുകയും ചെയ്തുകൊണ്ട് ധാരാളം കുട്ടികളുടെ ജീവിതം പാഴായിപ്പോയിട്ടുണ്ട്. തെറ്റായ ഭാവനയും വികാരങ്ങളും ഉണർത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്ന കൂട്ടുകാരേയും ചീത്ത പുസ്തകങ്ങളും നാം ഉപേക്ഷിച്ച്, പകരം വിശുദ്ധ ബൈബിളിനെ സന്തത സഹചാരിയാക്കുക.

ഉന്മേഷവും ഉണർവ്വും ചൈതന്യവും നിറഞ്ഞ കുട്ടികളായി അലസതയിലും അശ്ലീലങ്ങളിലും വീഴാതെ ഉണർവ്വുള്ളവരായി നമുക്ക് സമൂഹത്തിന് പ്രയോജനപ്പെട്ടവരായി വളരാം.

# ഇടവക വാർത്തകൾ

- **ബി. സി. സി**
  - o ജൂൺ 5: ഇടവകകൗൺസിൽ യോഗം ഉച്ച കഴിഞ്ഞ് 3:30 മണിക്ക്.
  - o ജൂൺ 19: ബി. സി. സി. ലീഡേഴ്സ് മീറ്റിംഗ് ഉച്ച കഴിഞ്ഞ് 3:30 മണിക്ക്
- **ആദ്യ വെള്ളി ആരാധന**
  - o ജൂൺ 3: യൂണിറ്റ് 3
  - o ജൂലൈ 1: യൂണിറ്റ് 4
- **മതബോധനം**
  - o ജൂൺ 5: പ്രവേശനോത്സവം
- **കെ സി വൈ എം**
  - o ജൂൺ 19: KCYM അംഗങ്ങളുടെ ജന്മദിനാഘോഷം
  - o ജൂൺ 26: ജീസസ് യൂത്ത് നയിക്കുന്ന ക്ലാസ്
  - o ജൂലൈ 3: യുവജനദിനാഘോഷം
  - o ജൂലൈ 10: അനാഥാലയ സന്ദർശനം
- **വിദ്യാഭ്യാസ സമിതി**
  - o May 29: Education day - Talk on "How to face studies" by Fr. Joy, Loyola
- **വിശേഷ ദിവസങ്ങൾ**
  - o ജൂൺ 5: സ്വർഗ്ഗാരോഹണ തിരുനാൾ
  - o ജൂൺ 12: പന്തക്കൊസ്ത തിരുനാൾ
  - o ജൂൺ 13: St. Antony's feast

# *St. Marys Church Education Survey 2011* *(Summary)*

Total Students: 114, Male: 56, Female: 58

**- Dr. A. Samson**

| UNIT | Male | Female | Total |
|---|---|---|---|
| I | 9 | 9 | 18 |
| II | 7 | 8 | 15 |
| III | 4 | 1 | 5 |
| IV | 7 | 4 | 11 |
| V | 8 | 9 | 17 |
| VI | 11 | 8 | 19 |
| VII | 3 | 9 | 12 |
| VIII | 5 | 5 | 10 |
| IX | 2 | 5 | 7 |
| Total | 56 | 58 | 114 |







# ബൈബിൾ ക്വിസ്സ്

**പഠനഭാഗം:** പത്രോസ് എഴുതിയ ഒന്നാം ലേഖനം

**ചോദ്യങ്ങൾ**

1. കൃപയെക്കുറിച്ച് മുൻകൂട്ടി അറിയിച്ചതാരാണ്?
2. പരിശുദ്ധാത്മാവ് എവിടെനിന്നാണ് അയയ്ക്കപ്പെട്ടത്?
3. ക്രിസ്തു സ്വന്തം ശരീരത്തിൽ വഹിച്ചതെന്ത്?
4. നീതിയോടെ വിധിക്കുന്നവന് തന്നെത്തന്നെ ഭരമേൽപ്പിച്ചതാര്?
5. നിരവധി പാപങ്ങളെ മറയ്ക്കുന്നതെന്താണ്?
6. അനശ്വര രത്നം എന്നു വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?
7. കർത്താവിന്റെ കണ്ണുകൾ ആരുടെ നേരെയാണ് തുറന്നിരിക്കുന്നത്?
8. നിർമ്മലമായി സൂക്ഷിക്കേണ്ടത് എന്താണ്?
9. ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നത് ആര്?
10. പിശാചിനെ എതിർക്കേണ്ടത് എന്തിൽ ഉറച്ചു നിന്നു കൊണ്ടാണ്?

**നിബന്ധനകൾ**

- ഉത്തരങ്ങൾ എഴുതി വിൽഫ്രഡ് അച്ചനെ ഏൽപ്പിക്കുക.
- ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: ജൂൺ 26

**കഴിഞ്ഞ ലക്കത്തിലെ ബൈബിൾ ക്വിസ്സിന്റെ ഉത്തരങ്ങൾ**

1. തലയോടിടം .2 ഗത്സമെനി 3. ഹേറോദേസ് 4. ബറാബ്ബാസ് 5. ശിമയോൻ 6. കയ്യാഫാസ് 7. കുശവന്റെ പറമ്പ് 8. ഇവൻ യാഹുദരുടെ രാജാവായ യേശുവാണ് 9. സഖറിയ 10. അരിമത്തിയാക്കാരൻ ജോസഫ്

**ശരിയുത്തരം നൽകിയവർ:-**

ആൻസി രാജൻ, സിമി എം എസ്, കമലം എം, ആനന്ദ് എ എസ്

# ഞായറാഴ്ച്ച തിരുവചനങ്ങൾ

**മേയ് 2011**

മേയ് 1: അപ്പ 2:42–47 1പത്രോ 1:3–9 യോഹ 20:19–31
മേയ് 8: അപ്പ 2:14,22–33 1പത്രോ 1:17–21 ലൂക്ക 24:13–35
മേയ് 15: അപ്പ 2:14,36–41 1പത്രോ 2:20–25 യോഹ 10:1–10
മേയ് 22: അപ്പ 6:1–7 1പത്രോ 2:4–9 യോഹ 14:1–12
മേയ് 29: അപ്പ 8:5–8,14–17 1പത്രോ 3:15–18 യോഹ 14:15–21

**ജൂൺ 2011**

ജൂൺ 5: അപ്പ 1:1–11 എഫേ 1:17–23 മത്താ 28:16–20
ജൂൺ 12: അപ്പ 2:1–11 1കൊറി 12:3–7,12–13 യോഹ 20:19–23
ജൂൺ 19: പുറ 34:4–9 2കൊറി 13:11–13 യോഹ 3:16–18
ജൂൺ 26: നിയമാ 8:2–3,14–16 1കൊറി 10:16–17 യോഹ 6:51–58

# *Career Talk*

**-Dr. A. Samson**

## SET GOALS TO WIN…...

Dream big and work towards realizing them. That should be the mantra of anyone who wants to climb the career path faster and embrace the success. There is no substitute for hard work. If one has to reach the high pedestals of life, definitely he has to work hard. But, remember hard work without thinking is a mere waste.

So one has to set Goals in life and plan meticulously to achieve it. One can continue to work in place and still be stuck there if one doesn't set ambitious Goals for oneself. The process of setting Goals helps you choose where you want to go in your life. Are you looking for an efficient method to set Goals for work? The first thing you need to do so is to be aware that you need to step out of your comfort zone.

No one has ever accomplished anything of significant value without stepping outside of their comfort zones. Only a real Trier is an achiever in life. The following broad guidelines will help you to set effective and achievable Goals.

* Set each Goal as a positive statement.
* Set precise Goals, putting in dates, times and amounts so that you can measure achievements.
* Set priorities when you have more than one Goal.
* Write down the set Goals which crystallize them and give them more force.
* Set Performance Goals, not outcome Goals. You should take care to set Goals over which you have as much controls as possible.
* Set realistic Goals. The people around you can set unrealistic Goals for you. The will often do this in ignorance of your own desires and ambitions.

For more Church news and photos, visit
http://stmaryspongummoodu.com/

For queries and suggestions, contact :-
Prof. Selene Wester, KCYM Animator Ph: 2449776
Dr. A. Samson Ph: 9447324844
Editorial team :- Rohith, Subin, Xavier
Email id:- jyothis.newsletter@gmail.com

# കുടുംബയോഗങ്ങൾ

**മാർച്ച് 2011**

യൂണിറ്റ് 1: May 14 സെൽവദാസ് Ph: 9447699530
യൂണിറ്റ് 2: May 25 സാം
യൂണിറ്റ് 3: May 07 ബ്രിജിറ്റ് ഫെർണാണ്ടസ് Ph: 9387746634
യൂണിറ്റ് 4: May 10 ശോഭ അൽഫോൻസ്
യൂണിറ്റ് 5: May 13 സാറാമ്മ Ph: 2550050
യൂണിറ്റ് 6: May 28 ബോബൻ കെ. ജോൺ
യൂണിറ്റ് 7: May 21 റിമറി തോമസ് Ph: 2441738
യൂണിറ്റ് 8: May 04 ജയിംസ് എ. ജോൺ Ph: 2440294
യൂണിറ്റ് 9: May 20 ജോർജ്ജ് എ Ph: 2557216

മേയ് മാസത്തെ കുടുംബയോഗ വിചിന്തന ഭാഗം:
പത്രോസ് 3:1–12

**ഏപ്രിൽ 2011**

യൂണിറ്റ് 1: Jun 11 ആൽബർട്ട് ജോസഫ് Ph: 2594206
യൂണിറ്റ് 2: Jun 22 സനോജ് ഗ്രിഗറി Ph: 2592376
യൂണിറ്റ് 3: Jun 04 ബർട്ടി ജെ. ഡേവിഡ് Ph: 2447038
യൂണിറ്റ് 4: Jun 14 വി. ജെ. ക്രിസ്റ്റ്യൻ Ph: 2446119
യൂണിറ്റ് 5: Jun 10 ബെഡിസൺ
യൂണിറ്റ് 6: Jun 25 സാംരാജ് Ph: 3956894
യൂണിറ്റ് 7: Jun 18 ജോർജ്ജ് എൽ. പെരേര Ph: 2442142
യൂണിറ്റ് 8: Jun 01 എഡ്വിൻ റോഡ്രിഗ്വെസ് Ph: 2440746
യൂണിറ്റ് 9: Jun 17 മുത്തു Ph: 2557053

ജൂൺ മാസത്തെ കുടുംബയോഗ വിചിന്തന ഭാഗം:
എഫേസോസ് 6:1–4



മാർച്ച് 13: കെ. സി. വൈ. എം വിനോദയാത്ര



മേയ് 23: പാരിഷ് ഹാൾ നിർമ്മാണ പ്രവർത്തനങ്ങളുടെ ആരംഭം കുറിച്ചുകൊണ്ട് നടത്തിയ പ്രാർത്ഥന

*This Issue of News Letter is sponsored by Mr. Subin Kuttappan (Unit 7)*